**സ്വാമി ശരണം**

**മുണ്ടക്കയം ഗ്രൂപ്പിൽപെട്ട എരുമേലി ദേവസ്വത്തിലെ കൊല്ലവർഷം 1202-മാണ്ടത്തെ (2026-27) മണ്ഡലം മകരവിളക്ക്, മേടവിഷു, മാസപൂജ അടിയന്തിരങ്ങളോടനുബന്ധിച്ച് ഏർപ്പെടുത്തേണ്ട കുത്തകകളുടെ ഇ-ടെൻഡർ/ഇ. ഓക്ഷൻ (ഓൺലൈൻ മാത്രം)**

**ROC. No. : 176/2026/emly**

## പൊതുനിബന്ധനകൾ

1 ടെൻഡർ നിബന്ധനകൾക്കൊപ്പം ടെൻഡർ ചെയ്യുന്ന ഇനങ്ങളുടെ വിശദ വിവരംകാണിക്കുന്ന ഷെഡ്യൂൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ www.travancoredevaswomboard.org എന്ന വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ചശേഷം ടെൻഡറിൽ പങ്കെടുക്കുന്നവർ http:/etenderes.kerala.gov.in എന്ന ടെൻഡർ സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഇ-ടോക്കൺ ഉപയോഗിച്ച് ഡിജിറ്റൽ സിഗ്നേച്ചർ നടത്തേണ്ടതുമാണ്. ഈ-ടോക്കണുകൾ SIFY/TCS/ncode തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. ടെൻഡറുകൾ ശ്രദ്ധാപൂർവ്വം ക്വോട്ട് ചെയ്യേണ്ട തുക നിയമാനുസൃതം ക്വോട്ട് ചെയ്ത് ഓൺലൈനായി അയക്കേണ്ടതും, തുക രേഖപ്പെടുത്താത്ത സാഹചര്യം ഉണ്ടായാൽ ആയതിന് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല.

2 ഇ-ടെണ്ടർ/ഇ-ഓക്ഷൻ വഴി ലേലത്തിൽ പങ്കെടുക്കുന്നവർ ചുവടെ വിവരിക്കുന്ന രേഖകൾ ഇ-ടെണ്ടറിനോടൊപ്പം ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

2.1 ആധാർ കാർഡിന്റെ പകർപ്പ്,

2.2 പാൻകാർഡിന്റെ പകർപ്പ്

2.3 ഫോൺ നമ്പർ (വാട്സ് ആപ്പ് ഉള്ളത്)

2.4 ലേലക്കാരന്റെ 2024-25 സാമ്പത്തിക വർഷത്തെ (2025-2026 അസ്സസ്മെന്റ് ഇയർ) ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്തതിന്റെ പകർപ്പ്. (5 ലക്ഷം രൂപാ വരെ അടിസ്ഥാന ലേലത്തുകയുള്ള ഇനങ്ങൾക്ക് ഇത് ബാധകമല്ല).

2.5 20 ലക്ഷം രൂപയ്ക്ക് മുകളിൽ അടിസ്ഥാന ലേലത്തുകയുള്ള ഇനങ്ങൾക്ക് പങ്കെടുക്കുന്നവർക്ക് ജി.എസ്.ടി. രജിസ്ട്രേഷൻ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതും സാധുവായ രജിസ്ട്രേഷന്റെ കോപ്പി അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

2.6 ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ ഇ-മെയിൽ വിലാസം.

2.7 ലേലത്തിൽ പങ്കെടുക്കുന്നത് സ്ഥാപനത്തിന്റെ പേരിലാണെങ്കിൽ ടി. സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ രേഖകളുടെയും ഓണർഷിപ്പ് സർട്ടിഫിക്കേറ്റിന്റെയും പകർപ്പ്.

2.8 ഇൻകം ടാക്സ്/ജി.എസ്.ടി. എന്നിവ യഥാക്രമം അഞ്ച് ലക്ഷം, ഇരുപത് ലക്ഷം എന്നിവയ്ക്ക് താഴെയാണെങ്കിൽ ഇൻകം ടാക്സ് റിട്ടേൺ, ജിഎസ്.ടി. സർട്ടിഫിക്കേറ്റ് അപ്‌ലോഡ് ചെയ്യേണ്ടതില്ലെങ്കിലും തുക അധികരിച്ചാൽ ടെണ്ടർ അവാർഡ് ചെയ്തതിനുശേഷം കരാർ വയ്ക്കുന്നതിന് മുമ്പായി 2.4, 2.5 എന്നീ ഖണ്ഡികയിൽ നിഷകർഷിച്ചിട്ടുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്.

3. ലേലത്തിൽ പങ്കെടുക്കുന്ന ആൾ ഇ-ടെണ്ടർ/ഇ-ഓക്ഷൻ എന്നിവയുടെ ഓരോ ഘട്ടങ്ങളിലും ഇ-ടെണ്ടർ പോർട്ടൽ/വാട്സ്ആപ്പ്/ഇ-മെയിൽ/എസ്.എം.എസ്. എന്നിവയിൽ ഏതെങ്കിലും മുഖാന്തരം ലഭിക്കുന്ന ബന്ധപ്പെട്ട അറിയിപ്പുകൾ ഔദ്യോഗിക അറിയിപ്പായി കണക്കാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉണ്ടാകുന്ന പരാതികൾക്ക് ദേവസ്വം ബോർഡിന് ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല

4. ഇ-ടെണ്ടർ ഓപ്പണിംഗ്, ഓൺലൈൻ ഓക്ഷൻ എന്നിവ അവസാനിച്ചശേഷം ഫിനാൻഷ്യൽ ഇവാലുവേഷൻ പൂർത്തിയായ വിവരം ഇ-ടെണ്ടർ പോർട്ടലിൽ നിന്ന് ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾക്ക് ലഭിക്കുന്ന മുറയ്ക്ക് ലേലക്കാരൻ പോർട്ടൽ പരിശോധിച്ച് ലേലം ഉറപ്പിച്ച വിവരം മനസ്സിലാക്കേണ്ടതാണ്.

5. കുത്തക ഇനങ്ങളെ പൊതുവേ (A) മേജർ ഐറ്റങ്ങൾ, (B) മൈനർ ഐറ്റങ്ങൾ എന്നിങ്ങനെ രണ്ടായി തരം തിരിച്ചിരിക്കുന്നു.

6. മേജർ (A), മൈനർ (B) ഐറ്റങ്ങൾക്ക് അതാത് ഷെഡ്യൂളിൽ സൂചിപ്പിക്കുന്നതുപോലെ ടെൻഡറുകൾ ഉണ്ടായിരിക്കുന്നതാണ്.

7. ഓരോ ഇനത്തിന്റെയും ടെണ്ടറുകൾ തുറന്ന് ഖണ്ഡിക (2) പ്രകാരമുള്ള രേഖകളും, ടെണ്ടർ രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ/വ്യക്തിയുടെ പ്രാപ്തി എന്നിവ ദേവസ്വം ടെണ്ടർ ഇവാലുവേഷൻ കമ്മറ്റി പരിശോധിച്ച് ബന്ധപ്പെട്ട ടെണ്ടറുകാരന്റെ പേരിൽ ടെണ്ടർ സ്ഥിരപ്പെടുത്തുന്ന പക്ഷം മറ്റുള്ളവരുടെ നിരതദ്രവ്യം ഓൺലൈനായി ടിയാന്റെ അക്കൗണ്ടിലേയ്ക്ക് 20 ദിവസത്തിനുള്ളിൽ തിരികെ നൽകുന്നതാണ്.

8. ടെൻഡറിൽ പങ്കെടുക്കുന്നവർ 500/- രൂപാ (അഞ്ഞൂറ്) രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കേണ്ടതാണ്. ടി. തുക തിരികെ ലഭിക്കുന്നതല്ല.

9. ഷെഡ്യൂളിലെ ഓരോ ഐറ്റത്തിനും നിശ്ചയിച്ചിട്ടുള്ള **EMD** യും സെക്യൂരിറ്റി തുകയും ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. സെക്യൂരിറ്റിതുക കാലാവധിക്കുശേഷം മറ്റാക്ഷേപം/ബാദ്ധ്യത ഇല്ലെങ്കിൽ മാത്രം തിരിച്ചു നൽകുകയുള്ളൂ. കുത്തക ഏറ്റെടുക്കാനുദ്ദേശിക്കുന്ന ആളിന്റെ അക്കൗണ്ടിൽ നിന്നും **EMD** യും സെക്യൂരിറ്റി തുകയും ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

10. സെക്യൂരിറ്റി നിക്ഷേപങ്ങൾ യാതൊരു കാരണവശാലും ടെൻഡർ തുകയിൽ വകയിരുത്തുന്നതല്ലാത്തതും, ടെൻഡർ തുക ഇതിന് അതീതമായി അടയ്ക്കേണ്ടതുമാണ്.

11. കരാറുകാരന് കരാർ കാലയളവിൽ ചുമതല വല്ലതുമുണ്ടായാൽ ആയത് അടച്ചതിന് ശേഷമേ സെക്യൂരിറ്റി തുക തിരിച്ചു നൽകുകയുള്ളൂ. ബാദ്ധ്യത ടി നിക്ഷേപത്തിലും അധികമായാൽ ആയതും അടച്ചുകൊള്ളാമെന്നും വീഴ്ച വരുത്തുന്നപക്ഷം റവന്യു റിക്കവറി ഉൾപ്പെടെയുള്ള നിയമ നടപടികൾ അംഗീകരിച്ചുകൊള്ളാമെന്നും ഓരോ കരാറുകാരനും ഉടമ്പടിയിൽ സമ്മതിച്ചിരിക്കേണ്ടതാണ്.

12. ഖണ്ഡിക (7) പ്രകാരം ടെണ്ടർ അനുവദിച്ച് വരുന്ന മുറയ്ക്ക് ലേലതുകയുടെ (കരാർ തുക 5 ലക്ഷത്തിൽ കുറവായാൽ മുഴുവൻ തുകയും, 5 ലക്ഷത്തിന് മുകളിലായാൽ ലേലത്തുകയുടെ 75% മോ 5 ലക്ഷമോ ഏതാണോ കൂടുതൽ ആയതും ആദ്യ ഗഡുവായി അഞ്ച് ദിവസത്തിനുള്ളിൽ ഒടുക്ക് വരുത്തേണ്ടതാണ്. ശേഷിക്കുന്ന തുക വീഴ്ച കൂടാതെ 2026 നവംബർ 10 നകം ഒടുക്ക് വരുത്തേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം വീഴ്ച വരുത്തിയ ഓരോ ദിവസങ്ങൾക്കും വീഴ്ച വരുത്തിയ തുകയുടെ 18% പലിശ കണക്കാക്കുന്നതും ആയത് കുത്തകക്കാരൻ ഒടുക്ക് വരുത്തേണ്ടതും, ഇപ്രകാരം വീഴ്ച വരുത്തുന്ന കുത്തകക്കാരുടെ വിവരങ്ങൾ പ്രത്യേകം രേഖപ്പെടുത്തുന്നതും വരും വർഷങ്ങളിൽ ടെണ്ടറിൽ ടി. കുത്തകക്കാർ പങ്കെടുക്കുന്ന അവസരത്തിൽ ടെണ്ടർ അനുവദിക്കുന്നത് സംബന്ധിച്ചും ഡിപ്പാർട്ട്മെന്റ് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതും മേൽ വിവരിച്ചതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം ഡിപ്പാർട്ട്മെന്റ് യുക്തമെന്ന് തോന്നുന്ന മറ്റു പ്രകാരത്തിൽ ഈടാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതുമാണ്. ഈ വകയിലുണ്ടായേക്കാവുന്ന സകല കഷ്ടനഷ്ടങ്ങൾക്കും ബന്ധപ്പെട്ട കരാറുകാരൻ മാത്രം ഉത്തരവാദി ആയിരിക്കുന്നതുമാണ്.

13. കുത്തക ഏറ്റെടുക്കുന്നയാൾ സ്വന്തം പേരിലുള്ള ബാങ്ക് അക്കൗണ്ടിൽനിന്നും RTGS / NEFT / DD തുടങ്ങി മറ്റ് വിധത്തിലുള്ള അക്കൗണ്ട് ട്രാൻസ്ഫർ വഴി കുത്തകതുക ഒടുക്കുവരുത്തേണ്ടതാണ്. മറ്റാരുടെയെങ്കിലും അക്കൗണ്ട് വഴി തുക ഒടുക്കുവരുത്തുന്നപക്ഷം ആയതിന് കുത്തകക്കാരൻ സത്യവാങ്മൂലം എഴുതി സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. തുക ഒടുക്കുവരുത്തേണ്ട ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബാങ്ക് അക്കൗണ്ട് നമ്പർ | 010000100068453 |
| പേര് | ദേവസ്വം അക്കൗണ്ട്സ് ഓഫീസർ |
| ബാങ്ക് | ധനലക്ഷ്മിബാങ്ക് ലിമിറ്റഡ് |
| ഐ.എഫ്.എസ്. കോഡ് | DLXB0000100 |
| ശാഖ | ചിറക്കടവ് |

14. ടെൻഡർ/കുത്തക ഏറ്റെടുത്തശേഷം ഏതെങ്കിലും സാഹചര്യത്തിൽ കരാറുകാരൻ പിന്മാറപ്പെട്ടാൽ ടിയാനെ ഡിഫോൾട്ടർ ആയി പ്രഖ്യാപിക്കുന്നതും ടീയാന്റെ പേരിൽ മറ്റു കരാറുകളോ നിക്ഷേപമോ ഉള്ള പക്ഷം ആയതു മുഴുവൻ ഡിപ്പാർട്ട്മെന്റിലേയ്ക്ക് മുതൽകൂട്ടുന്നതും ടി ഇനം വീണ്ടും ടെൻഡർ നടത്തുന്നതും ആയതിൽ വച്ച് ലാഭമുണ്ടായാൽ അതിന്മേൽ ആദ്യ ടെൻഡർകാരന് അവകാശമില്ലാത്തതും, നഷ്ടം സംഭവിച്ചാൽ ആയത് ഈടാക്കാനുള്ള നിയമ നടപടികൾ ആദ്യ ടെൻഡർകാരന്റെ പേരിൽ സ്വീകരിക്കുന്നതുമായിരിക്കും.

15. പരസ്യത്തിലെ ഏതൊരു ഐറ്റത്തിനും ടെന്റർ തുക അപര്യാപ്തമാണെന്നു തോന്നിയാൽ ടി ഐറ്റം കുത്തക ആവർത്തന ടെൻഡർ നടത്തുന്നതിനോ, ഡിപ്പാർട്ട്മെന്റ് നേരിട്ടു നടത്തുന്നതിനോ അധികാരം ഉണ്ടായിരിക്കുന്നതും, ആയത് കരാറുകാന് ചോദ്യം ചെയ്യാൻ അവകാശമില്ലാത്തതുമാണ്.

16. ഖണ്ഡിക 12 പ്രകാരം ലേലം സ്ഥിരപ്പെടുത്തി വരുന്നമുറയ്ക്ക് ആദ്യഗഡു നിശ്ചിത തീയതിക്കകം ചെല്ലാൻ നമ്പർ പ്രകാരം മാത്രം ഒടുക്ക് വരുത്തുകയും ശേഷിക്കുന്ന തുകയ്ക്കുള്ള ബാങ്ക് ഗ്യാരണ്ടി (അംഗീകൃത ബാങ്കിൽ നിന്നും **ദി അസ്സി. ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, മുണ്ടക്കയം** എന്ന പേർക്ക്) കുത്തക അനുവദിച്ച് അറിയിപ്പ് ലഭിച്ച് കൃത്യം 7 ദിവസത്തിനകം എരുമേലി ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസിൽ ഹാജരാക്കേണ്ടതും കൂടാതെ കുത്തക ഏറ്റെടുക്കുന്ന വ്യക്തി/സ്ഥാപനത്തിന്റെ പേരിൽ വസ്തുക്കരം തന്നാണ്ടിൽ ഒടുക്ക് വരുത്തിയ രസീതും ആയതിന്റെ കൈവശാവകാശ സർട്ടിഫിക്കേറ്റും ഹാജരാക്കേണ്ടതാ

ണ്. മേൽ വിവരിച്ച 1 മുതൽ 15 വരെയുള്ള വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ച് കുത്തക ഏറ്റെടുക്കുന്ന കരാറുകാരൻ സ്വന്തം പേരിൽ നിയമാനുസൃതമായി 200 രൂപ മുദ്രപത്രത്തിൽ ഡിപ്പാർട്ട്മെന്റ് അംഗീകരിച്ചിട്ടുള്ള നക്കൽ പ്രകാരം മുണ്ടക്കയം എ.സി. പേരിൽ കുത്തക അനുവദിച്ച് 10 ദിവസത്തിനകം മുറപ്രകാരം ഉടമ്പടി വയ്ക്കേണ്ടതാണ്. ഉടമ്പടി വച്ചതിന് ശേഷമേ കരാറുകാരൻ തന്റെ കുത്തക സംബന്ധിച്ച് ഏതൊരു പ്രവർത്തനവും നടത്തുവാൻ അനുവദിക്കുകയുള്ളൂ. കുത്തകക്കാരൻ കുത്തക തുകയുടെ ആദ്യഗഡു അടയ്ക്കുന്നതോടൊപ്പം സ്വന്തം അക്കൗണ്ട് നമ്പരിലുള്ളതും ബാക്കി അടയ്ക്കുവാനുള്ള തുകയും അടയ്ക്കേണ്ട തീയതിയും രേഖപ്പെടുത്തി എരുമേലി ദേവസ്വം അഡ്മനിസ്ട്രേറ്റീവ് ഓഫീസറുടെ പേർക്കുള്ള ഒരു ചെക്കും ഒപ്പിട്ട് ഹാജരാക്കേണ്ടതാണ്. കുത്തക തുക മുഴുവൻ അടച്ച് തീരുന്നമുറയ്ക്ക് മാത്രമേ ചെക്ക് തിരികെ നൽകുകയുള്ളൂ. കുത്തക സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിച്ച് 15 ദിവസത്തിനകം ലേലത്തുക പൂർണ്ണമായും ഒടുക്കു വരുത്തുന്ന പക്ഷം ബാങ്ക് ഗ്യാരണ്ടി, സോൾവൻസി സർട്ടിഫിക്കേറ്റ്, ചെക്ക് എന്നിവ ഹാജരാക്കേണ്ടതില്ലാത്തതുമാണ്.

17. കരാർ കൈമാറ്റം ചെയ്യുന്നതിനോ, മറ്റു കക്ഷികളെ കൂട്ടുകക്ഷികളാക്കുന്നതിനോ അനുവദിക്കുന്നതല്ല. ടെൻഡർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പെരുമാറുന്നവരുടെ കുത്തകാവകാശം മുന്നറിയിപ്പ് കൂടാതെ റദ്ദ് ചെയ്യുന്നതും വരും വർഷങ്ങളിലെ ടെൻഡറുകളിൽ പങ്കെടുക്കുന്നതിൽ നിന്നും മേൽപ്പടി ആളുകളെ ഒഴിവാക്കപ്പെടുന്നതുമാണ്.

18. കുത്തകക്കാർ അവരവരുടെ പ്രവർത്തനത്തിന് ആവശ്യമായ വെള്ളം / വൈദ്യുതി എന്നിവ സ്വന്തം ചുമതലയിലും ചെലവിലും എടുക്കേണ്ടതാണ്. (നിലവിലില്ലാത്തതിനും ഉള്ളതിൽ അധികമായി വേണ്ടിവരുന്നതുൾപ്പെടെ) ഇതിന് ആവശ്യമായ സാക്ഷിപത്രങ്ങൾ മാത്രം ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കുന്നതാണ്.

19. എല്ലാ കരാറുകാരും അവരവരുടെ പ്രവർത്തനമേഖലയുടെ പ്രധാനഭാഗത്ത്, കുത്തകനമ്പർ, കുത്തകയുടെ പേര്, കുത്തകക്കാരന്റെ പേരും പൂർണ്ണമായ മേൽവിലാസവും, കുത്തക സാക്ഷ്യപത്രവും അടങ്ങുന്ന ബോർഡ് വ്യക്തമായി കാണാവുന്ന തരത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

20. എല്ലാ കരാറുകാരും യഥാസമയങ്ങളിലുള്ള, ദേവസ്വം, പൊതുജനാരോഗ്യം, പൊതുഭരണ വിഭാഗം ഉദ്യോഗസ്ഥർ എന്നിവരുടെ നിർദ്ദേശങ്ങൾ കർശനമായും പാലിച്ചിരിക്കണം. ആയതിന് വിപരീതമായി പെരുമാറുന്നതുമൂലമുണ്ടാകുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ മാത്രം ഉത്തരവാദി ആയിരിക്കുന്നതാണ്. കുത്തകക്കാരും അവരുടെ ജോലിക്കാരും നിർബന്ധമായും മാസ്ക് ധരിച്ചിരിക്കേണ്ടതും, സാനിറ്റൈസർ ഉപയോഗിക്കേണ്ടതുമാണ്.

21. നാളികേരം ഏറ്റെടുത്ത് കരാർ നടത്തുന്നതിന് ദേവസ്വം സ്ഥാവരജംഗമ വസ്തുക്കൾ ആവശ്യമായിട്ടുള്ളവർ ദേവസ്വം മരാമത്ത് ഉദ്യോഗസ്ഥന്മാരുടെ സാന്നിധ്യത്തിൽ ബോധ്യപ്പെട്ട് രസീതു നൽകിയതിനു ശേഷം മാത്രം കുത്തക ആരംഭിക്കേണ്ടതും കരാർ കാലാവധിക്കു ശേഷം ഏറ്റെടുത്തവ പൂർവ്വസ്ഥിതിയിൽ മരാമത്തു ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തി ഏൽപ്പിക്കുകയും ചെയ്ത് എഴുതി വാങ്ങിയെങ്കിൽ മാത്രമേ സെക്യൂരിറ്റി തുക തിരികെ നൽകുകയുള്ളൂ. ഇതിനു വിപരീതമായി പ്രവർത്തിക്കുന്നതായാൽ ആയതിൽ വച്ചുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ മാത്രം ഉത്തരവാദി ആയിരിക്കുന്നതാണ്.

22. കുത്തക കാലയളവിൽ കുത്തകക്കാരന്റെ അധീനതയിൽ വരുന്ന ഡിപ്പാർട്ട്മെന്റ് വസ്തുവകകൾക്കുണ്ടാകുന്ന സകല കഷ്ടനഷ്ടങ്ങളും ടി കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനും, വേണ്ടിവന്നാൽ കരാർ റദ്ദുചെയ്ത് ടി യാന്റെ നഷ്ടോത്തരവാദിത്വത്തിൽ തുടർന്ന് നടത്തുന്നതിനോ ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

23. കരാറുകാരൻ അവരവർക്കനുവദിച്ചു കിട്ടുന്ന സമയത്തുള്ള അവസ്ഥയിലും സ്ഥിതിയിലും മാത്രമേ കരാർ നടത്തുവാൻ അവകാശമുള്ളൂ. ഇതിൽ എന്തെങ്കിലും മാറ്റം ആവശ്യമുള്ള പക്ഷം മുൻകൂർ അനുവാദം വാങ്ങി സ്വന്തം ചെലവിൽ ചെയ്യേണ്ടതും ഇതു സംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതുമാണ്.

24. കരാറുകാരൻ അവരവരുടെ പ്രവർത്തനത്തിനായി കെട്ടുന്ന ഷെഡ്ഡുകൾ തീ പിടിക്കുന്നതിന് സാധ്യത കുറഞ്ഞ ഷീറ്റ്, തകരം മുതലായവകൊണ്ടു മാത്രം നിർമ്മിക്കേണ്ടതും ആയതു സംബന്ധിച്ച് ഫയർഫോഴ്സ് ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശങ്ങൾ പാലിയ്ക്കുകയും ചെയ്യേണ്ടതാണ്.

25. അഹിന്ദുക്കൾ കരാർ എടുക്കുകയും പ്രവർത്തനമണ്ഡലം ക്ഷേത്രസങ്കേതത്തിൽ വരികയും ചെയ്യുന്ന പക്ഷം ഹിന്ദുക്കളായ ആൾക്കാരെ ഉപയോഗിച്ചു മാത്രം കരാർ നടത്തി വരേണ്ടതാണ്.

26. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിലേയ്ക്ക് ഏതെങ്കിലും തരത്തിലുള്ള നികുതികൾ കൊടുക്കേണ്ടി വരുന്ന പക്ഷം (ജി.എസ്.ടി) കുത്തകക്കാരൻ ടി. നികുതി നേരിട്ട് കൊടുക്കുന്നതിന് ബാദ്ധ്യസ്ഥനാണ്. കുത്തക ഏറ്റെടുക്കുമ്പോൾതന്നെ ആകെ കുത്തകത്തുകയുടെ 18% ജി.എസ്.ടി. കൂടി ഒടു

ക്കേണ്ടതാണ്. ജി.എസ്.ടി. സംബന്ധിച്ചുള്ള സംശയ നിവാരണങ്ങൾക്കും ദേവസ്വം ചാർട്ടേഡ് അക്കൗണ്ടന്റ് വിജയൻ അസ്സോസ്സിയേറ്റുമായി ബന്ധപ്പെടാവുന്നതാണ് (ഫോൺ നമ്പർ 9447032606).

27. എല്ലാ കരാറുകാരും ക്ഷേത്രമര്യാദകൾ നിർബന്ധമായും പാലിക്കേണ്ടതാണ്. എല്ലാ കരാറുകാരും അവരുടെ തൊഴിലാളികളും എരുമേലിയിൽ എത്തുന്ന ഭക്തജനങ്ങളോട് സ്നേഹബുദ്ധ്യാ, ഇടപെടേണ്ടതും, അവരവർക്ക് കഴിയുന്നത്ര സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കേണ്ടതുമാണ്.

28. ലാട്രിനുകളും, പ്ലോട്ടുകളും കുത്തക ഏർപ്പെടുന്നവർ അവരവരുടെ പ്രവർത്തനപരിധിയിൽ വരുന്ന സ്ഥലങ്ങളിലും, പരിസരങ്ങളിലും ഉണ്ടാകുന്ന വേസ്റ്റുകളും മറ്റും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാരുടേയും ദേവസ്വം ഉദ്യോഗസ്ഥന്മാരുടേയും നിർദ്ദേശങ്ങൾക്കനുസരിച്ച് സ്വന്തം ചെലവിൽ അപ്പപ്പോൾ തന്നെ വൃത്തിയാക്കി **ജൈവ മാലിന്യം അജൈവ മാലിന്യം ഖരമാലിന്യം എന്നിങ്ങനെ പ്രത്യേകം പ്രത്യേകം വേസ്റ്റ് ബിന്നുകൾ കുത്തകകാരുടെ സ്വന്തം ചെലവിൽ വച്ച് ആയതിൽ നിക്ഷേപിക്കേണ്ടതാണ്.**

29. ടെൻഡർ വ്യവസ്ഥയിൽ ഓരോ ഇനത്തിലും പ്രത്യേകം പറഞ്ഞിരിക്കുന്ന മിനിമം ടെൻഡർ തുകയിലും കുറഞ്ഞ തുക ക്വാട്ട് ചെയ്യുവാൻ പാടില്ലാത്തതും, അപ്രകാരം ക്വാട്ട് ചെയ്ത് ടെൻഡർ ഹാജരാക്കുന്നവരുടെ നിരതദ്രവ്യം ഡിപ്പാർട്ട്മെന്റിലേയ്ക്ക് മുതൽക്കൂട്ടുന്നതുമായിരിക്കും.

30. കുത്തക തുക ഓൺലൈനായി ട്രാൻസ്ഫർ ചെയ്യുന്നപക്ഷം അതാതു ദിവസം തന്നെ ആയതിന്റെ റഫറൻസ് ഐഡി ദേവസ്വം ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

31. ഓരോ കുത്തക ഐറ്റത്തിനും കുത്തകക്കാരന്റെ സ്വന്തം ചെലവിൽ അവരവരുടെ വകകൾക്ക് മതിയായ തുകയ്ക്കുള്ള ഇൻഷുറൻസ് ആവശ്യമെങ്കിൽ എടുത്തിരിക്കേണ്ടതാണ്. തീപിടുത്തം പൊലെയുള്ള അപകടങ്ങളുണ്ടാകുന്ന പക്ഷം ടി. അപകടങ്ങൾക്ക് ദേവസ്വം ഡിപ്പാർട്ട്മെന്റിന് യാതൊരു ഉത്തവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

32. കുത്തകക്കാർ ഡിപ്പാർട്ട്മെന്റിന്റെ അനുവാദമില്ലാതെ യാതൊരുവിധമായ പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടില്ലാത്തതാകുന്നു.

33. കച്ചവട സ്ഥാപനങ്ങളിലോ, ലാട്രിൻ കോംപ്ലക്സുകളിലോ, വിരി ഷെഡ്ഡുകളിലോ നിരോധിക്കപ്പെട്ടിട്ടുള്ള ലഹരി പദാർത്ഥങ്ങൾ പുകയില ഉത്പന്നങ്ങൾ എന്നിവ വിൽക്കുകയോ, ഉപയോഗിക്കുകയോ, കൈമാറ്റം ചെയ്യപ്പെടുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

34. ഇ ടെണ്ടറിൽ സെക്യൂരിറ്റി തുക അടയ്ക്കുന്നവർ അപേക്ഷകന്റെ അക്കൗണ്ടിൽ നിന്നും മാത്രം തുക ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. കുത്തക തുക അടയ്ക്കുന്ന കുത്തകക്കാർ അവരവരുടെ അക്കൗണ്ടിൽ നിന്നും മാത്രം ദേവസ്വത്തിന്റെ അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്യണ്ടതാണ്.

35. എല്ലാ കുത്തകക്കാരും കുറഞ്ഞത് 20 ലിറ്റർ എങ്കിലും കപ്പാസിറ്റിയുള്ള മൂന്ന് വേസ്റ്റ് ബിന്നുകൾ (ഒന്ന് പച്ച, ഒന്ന് മഞ്ഞ മറ്റൊന്ന് ചുവപ്പ് നിറം) സ്വന്തം ചിലവിൽ സ്ഥാപിക്കേണ്ടതും ബിന്നുകളിൽ ജൈവമാലിന്യം, അജൈവ മാലിന്യം, ഖരമാലിന്യം എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതുമാണ്. വേസ്റ്റ് തരംതിരിച്ച് അതാതു ബിന്നുകളിൽ നിക്ഷേപിക്കേണ്ടതും കൂടാതെ ആയത് സംസ്കരിക്കേണ്ടതിലേയ്ക്കായി സർക്കാരോ പഞ്ചായത്തോ ഏർപ്പെടുത്തുന്ന ഫീസ് എന്തെങ്കിലും അടയ്ക്കേണ്ടി വന്നാൽ ആയത് കുത്തകക്കാരൻ തന്നെ അടയ്ക്കേണ്ടതും ഇതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ചകൾ വരുത്തുന്ന പക്ഷം ഉണ്ടാകുന്ന നിയമനടപടികൾക്കോ പിഴയ്ക്കോ കുത്തകക്കാരൻ മാത്രം ഉത്തരവാദിയായിരിക്കും.

36. കുത്തകക്കാർ അടയ്ക്കുന്ന EMD തുക കുത്തകതുക മുഴുവൻ അടച്ചുതീരുന്ന മുറയ്ക്കും സെക്യൂരിറ്റി തുക കുത്തകയുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്കും മാത്രം തിരികെ നൽകുന്നതാണ്. ഇതിന് റീഫണ്ട് വൗച്ചർ ഹാജരാക്കേണ്ടതാണ്.

37. ടെണ്ടർ സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനും ദേവസ്വം ബോർഡിന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

38. **ഇ-ടെണ്ടർ/ഇ-ഓക്ഷൻ -ൽ പങ്കെടുക്കുന്നവർ 2026 ജനുവരിക്ക് ശേഷം പുതുതായി ലോഗിൻ ചെയ്യുന്നവരാണെങ്കിൽ ഇ-ടെണ്ടർ പോർട്ടൽ ചാർജ്ജായ 590 രൂപയും, ടെണ്ടർ തുകയുടെ ആനുപാതികമായി ചുവടെ വിവരിക്കുന്ന സ്ലാബ് പ്രകാരമുള്ള ടെണ്ടർ ഫോം ഫീസും അടയ്ക്കേണ്ടതാണ്.**

| **ലേലത്തുക** | **ടെണ്ടർ ഫോം ഫീസ്** |
|---|---|
| പത്ത് ലക്ഷം രൂപ വരെ | അടിസ്ഥാന ലേലത്തുകയുടെ .2%+ 18% ജി.എസ്.ടിയും (കുറഞ്ഞ തുക 400 രൂപയും +18% ജി.എസ്.ടി.യും പരമാവധി 1500 രൂപയും +18% ജി.എസ്.ടി.യും) |
| പത്ത് ലക്ഷത്തിന് മേൽ | അടിസ്ഥാന ലേലത്തുകയുടെ .15%+ 18% ജി.എസ്.ടി.യും (പരമാവധി 25000 രൂപയും +18% ജി.എസ്.ടി.യും) |

39. ഫിനാൻഷ്യൽ ബിഡിൽ പങ്കെടുക്കുന്നവർ കോട്ടുചെയ്തിട്ടുള്ള ഏറ്റവും കൂടിയ തുക അടിസ്ഥാന ലേലത്തുകയായി നിശ്ചയിച്ചാണ് ഓൺലൈൻ ഓക്ഷൻ ആരംഭിക്കുന്നത്. ലൈവ് ഓക്ഷൻ ആരംഭിക്കുന്ന തീയതിയും സമയവും ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്യുമ്പോൾ തന്നെ പോർട്ടലിൽ രേഖപ്പെടുത്തുന്നതാണ്. ഇപ്രകാരം ലൈവ് ഓക്ഷനായി നിശ്ചയിച്ചിട്ടുള്ള തീയതിയിലും സമയത്തും ഇ-ടെണ്ടർ പോർട്ടലിൽ ഓക്ഷൻ മാനേജ്മെന്റ് എന്ന മെനുവിൽ ലൈവ് ഓക്ഷൻ എന്ന ഭാഗത്ത് ടെണ്ടറിൽ പങ്കെടുത്തവരുടെ ലോഗിനിലൂടെ പ്രസ്തുത തുക അറിയുവാൻ സാധിക്കുന്നതും തുടർന്ന് അടുത്ത രണ്ട് മണിക്കൂർ സമയത്ത് ഓൺലൈൻ ഓക്ഷൻ നടക്കുന്നതുമാണ്. ഈ രണ്ട് മണിക്കൂറിനുള്ളിൽ ഓക്ഷനിൽ പങ്കെടുക്കുന്നവർ രേഖപ്പെടുത്തുന്ന കൂടിയ തുകകൾ അറിയുവാൻ സാധിക്കുന്നതും അതിലും കൂടിയ തുക വീണ്ടും രേഖപ്പെടുത്തുവാൻ സാധിക്കുന്നതുമായിരിക്കും. ലേലത്തിനായി നിശ്ചയിച്ചിട്ടുള്ള രണ്ട് മണിക്കൂർ പൂർത്തിയാകുന്നതിന് മുമ്പുള്ള അവസാന പത്ത് മിനിട്ടിൽ പങ്കെടുക്കുന്ന ആരെങ്കിലും ഒരു കൂടിയ തുക രേഖപ്പെടുത്തിയാൽ സിസ്റ്റം സ്വമേധയാ പത്ത് മിനിറ്റ് സമയം കൂടി ലേലം ദീർഘിപ്പിക്കുന്നു. തുടർന്ന് പത്ത് മിനിട്ടിനുള്ളിൽ രേഖപ്പെടുത്തുന്ന ഓരോ കോട്ടിന് ശേഷവും വീണ്ടും പത്ത് മിനിറ്റ് സമയം ദീർഘിപ്പിക്കുന്നതുമാണ്. പത്ത് മിനിറ്റിനുള്ളിൽ ആരും കൂടിയ തുക കോട്ട് ചെയ്യാതിരുന്നാൽ സിസ്റ്റം ലേലം അവസാനിപ്പിക്കുകയും അവസാനം കോട്ട് ചെയ്തിട്ടുള്ള കൂടിയ തുക അംഗീകരിച്ചതായി കണക്കാക്കുകയും ചെയ്യും. ഇ-ഓക്ഷനിൽ ഒരു തവണ ക്വോട്ട് ചെയ്യേണ്ടുന്ന ഏറ്റവും കുറഞ്ഞ തുക 500 രൂപാ.

40. ഇ-ടെണ്ടർ/ഇ-ഓക്ഷൻ നടപടികളിൽ കൂടി അല്ലാതെ പരസ്യ ലേലത്തിലൂടെയോ, ഓഫർ ലെറ്റർ മുഖാന്തരമോ ഒരു ലേലവും അനുവദിച്ച് നൽകുന്നതല്ല.

41. തൻവർഷത്തെ കുത്തക ലേലത്തിന്റെ കാലാവധി 1202 എം.ഇ., തുലാം 29 മുതൽ 1203 എം. ഇ. കന്നി 5 വരെ ആയിരിക്കും.

## പ്രത്യേക നിബന്ധനകൾ

### A1. നാളികേര കുത്തക

അംഗീകൃത പ്ലാനിൽ അടയാളം ചെയ്തിരിക്കുന്ന സ്ഥലങ്ങളിൽ മാത്രമേ നാളികേരം ഉണക്കുവാൻ അനുവദിക്കുകയുള്ളൂ. കരാർ സംബന്ധിച്ച് ദേവസ്വം കെട്ടിടങ്ങളോ, ദേവസ്വം വസ്തുവകകളോ ആവശ്യമായി വന്നാൽ ഡിപ്പാർട്ടുമെന്റിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങേണ്ടതും ഡിപ്പാർട്ടുമെന്റിൽ നിന്നും നിശ്ചയിക്കുന്ന തുക അടക്കേണ്ടതുമാണ്. വിൽപ്പന നടത്തുന്ന നാളികേരത്തിന്റെ കുറഞ്ഞ തൂക്കം 250 ഗ്രാമും, വില 25 രൂപയായും നിശ്ചയിച്ചിട്ടുള്ളതാണ്. ആയത് വിൽപ്പന നടത്തുന്ന സ്ഥലത്ത് പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. തറവാടകയായി നിശ്ചയിച്ചിട്ടുള്ള തുക ഒന്നാം ഗഡുവിനൊപ്പം ഓൺലൈനായി തന്നെ ഒടുക്കുവരുത്തേണ്ടതാണ്. **സെക്യൂരിറ്റി 2,00,000 രൂപ, തറവാടക 15,000 രൂപ.**

### A2. പാർക്കിംഗ് ഫീസ്

എരുമേലി ദേവസ്വം ബോർഡ് ഹൈസ്കൂളിലെ പ്രധാന ഭാഗങ്ങൾ വരുന്ന മുറ്റവും, ക്ഷേത്രത്തോടു ചേർന്നുള്ള നന്ദാവനം കോമ്പൗണ്ടും പൂർണ്ണമായും പാർക്കിംഗിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ഈവക സ്ഥലത്ത് ഡിപ്പാർട്ട്മെന്റ് വാഹനങ്ങളല്ലാതെ മറ്റു സ്വകാര്യ വാഹനങ്ങളോ, അയ്യപ്പഭക്തന്മാരുടെ വാഹനങ്ങളോ കയറ്റുവാൻ അനുവദിക്കുന്നതല്ല. സൈറ്റ് അംഗീകൃത പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലത്ത് പാർക്കു ചെയ്യുന്ന വാഹനങ്ങളിൽ നിന്നു മാത്രമേ ഫീസ് പിരിക്കാൻ പാടുള്ളൂ. പാർക്കിംഗ് കുത്തക ടെൻഡർ മുഖേന ലഭിക്കുന്നവർ പരസ്യത്തിൽ വിവരിച്ചിട്ടുള്ള ക്രമം ഓരോ ഇനം വാഹനങ്ങളുടെ ഫീസ് വിവരങ്ങൾ ഗ്രൗണ്ടുകളിൽ പ്രദർശിപ്പിക്കേണ്ടതാണ്. മണ്ഡല-മകരവിളക്ക് സീസൺ ഒഴികെ ശബരിമല നട തുറന്നിരിക്കുന്ന മറ്റുസമയങ്ങളിൽ പാർക്കിംഗ് ഗ്രൗണ്ടുകൾ കുത്തകക്കാരുടെ ചുമതലയിൽ വൃത്തിയാക്കി സൂക്ഷിക്കേണ്ടതാണ്. ആദായനികുതി നിയമപ്രകാരം കരാറുകാരൻ കരാർ തുയുടെ 2% റ്റി.സി.എസ്. ഇനത്തിൽ ആദായനികുതി വകുപ്പിൽ ഒടുക്ക് വരുത്തേണ്ടതും, ടി. തുക ഒടുക്ക് വരുത്തുന്ന മുറയ്ക്ക് മാത്രമേ കുത്തകക്കാരന് കുത്തക സർട്ടിഫിക്കേറ്റ് നൽകുകയുള്ളൂ. ടി. കുത്തക സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിശ്ചയിച്ചിട്ടുള്ള മറ്റെന്തെങ്കിലും തരത്തിലുള്ള നികുതികൾകൂടി ഉള്ള പക്ഷം പ്രസ്തുത നികുതികൾ ഒടുക്ക് വരുത്തേണ്ടത് കുത്തകക്കാരന്റെ മാത്രം ബാദ്ധ്യതയായിരിക്കും. പാർക്കിംഗ് ഗ്രൗണ്ടിൽ ഫീസ് പിരിക്കുവാൻ പി.ഒ.എസ്. മെഷീൻ സംവിധാനം വഴി മാത്രമേ അനുവാദമുണ്ടായിരിക്കുകയുള്ളൂ. **സെക്യൂരിറ്റി 1,00,000 രൂപ.**

### A3. കംഫർട്ട് സ്റ്റേഷൻ

കരാറുകാർ അവരവർക്കു ലഭിച്ച ബ്ലോക്കുകളിൽ നിലവിലുള്ള വെള്ളത്തിന്റെ സൗകര്യം ഉപയോഗിക്കാവുന്നതാണ്. എന്നാൽ നിലവിലുള്ളതിൽ അധികം വെള്ളം ആവശ്യമായി വരുന്ന പക്ഷം ആയത് സ്വന്തം ചെലവിൽ കൊണ്ടുവന്ന് ഉപയോഗിക്കേണ്ടതാണ്. അതുപോലെ തന്നെ കംഫർട്ട് സ്റ്റേഷനിലേക്ക് വെള്ളം, വെളിച്ചം എന്നിവയ്ക്ക് ആവശ്യമായ വൈദ്യുതി കരാറുകാ

രന്റെ ചെലവിൽ നിലവിലുള്ള മീറ്ററിൽ നിന്നും എടുക്കേണ്ടതും കറണ്ടുചാർജ്ജ് അവർതന്നെ അടക്കേണ്ടതുമാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ നിയമങ്ങൾ കരാറുകാരൻ കർശനമായും പാലിച്ചിരിയ്ക്കേണ്ടതുമാണ്. ഇതിനു വിപരീതമായി പ്രവർത്തിക്കുന്നതു മൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ബാധ്യസ്ഥനായിരിക്കുന്നതാണ്. കരാർ കാലാവധിയിൽ കംഫർട്ട് സ്റ്റേഷനുകൾക്കോ, അനുബന്ധ ഘടകങ്ങൾക്കോ വരാവുന്ന തകരാറുകൾക്ക് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി അല്ലാത്തതാണ്. കക്കൂസിനും കുളിമുറിക്കും ക്ലോക്ക് റൂമിനും അംഗീകരിച്ചിട്ടുള്ള നിശ്ചിത ഫീസ് മാത്രമേ ഈടാക്കാൻ പാടുള്ളൂ. **എല്ലാ ബ്ലോക്കുകളിലെയും കക്കൂസുകളിലെത്തുന്ന എല്ലാ ഡിപ്പാർട്ട്മെന്റ് സ്പെഷ്യൽ ഡ്യൂട്ടി ഉദ്യോഗസ്ഥന്മാർക്കും സൗജന്യമായി ആയവ ഉപയോഗിക്കുന്നതിനുവേണ്ട സൗകര്യം നൽകേണ്ടതാണ്.**

A3-1, A3-3A, എന്നീ ലാട്രിൻ ബ്ലോക്കുകളിലെ മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള പ്ലാന്റിന്റെ കപ്പാസിറ്റി .75 Mld യും A3-3 സ്കൂൾ സ്റ്റേഡിയത്തിലുള്ള ലാട്രിൻ ബ്ലോക്കിലെ മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള പ്ലാന്റിന്റെ കപ്പാസിറ്റി 1 Mld യുമാണ്. ടി. ബ്ലോക്കുകളിൽ നിന്നും അതിനു മുകളിൽ മലിനജലം വരുന്നപക്ഷം ആയത് ടോയിലറ്റ് ലേലം കൊള്ളുന്ന കുത്തകക്കാരന്റെ ഉത്തരവാദിത്വത്തിലും ചെലവിലും സംസ്കരിക്കേണ്ടതാണ്. കൂടാതെ ടോയ്ലെറ്റിലേയ്ക്ക് വരുന്ന വെള്ളത്തിന്റെ അളവ് പരിശോധിക്കുന്നതിന് കുത്തക്കാരൻ സ്വന്തം ചെലവിൽ ഒരു ഫ്ളോമീറ്റർ സ്ഥാപിക്കേണ്ടതുമാണ്.

ലാട്രിൻ ബ്ലോക്ക് ലേലത്തിൽ കുത്തക ഏൽക്കുന്നയാൾ ലേലം കൊണ്ടശേഷം ടോയ്ലറ്റ്, ലാട്രിൻ എന്നിവയിൽ ഏതെങ്കിലും വിധത്തിൽ കേടുപാടുകൾ ഉണ്ടാക്കുന്ന പക്ഷം ആയത് കുത്തകകാരന്റെ സ്വന്തം ചിലവിൽ ന്യൂനത പരിഹരിച്ച് കാലാവധി അവസാനിക്കുന്ന മുറക്ക് ദേവസ്വം മരാമത്ത് വിഭാഗത്തിനെ ബോധ്യപ്പെടുത്തി തിരികെ ഏൽപിക്കേണ്ടതാണ്. അല്ലാത്തപക്ഷം കുത്തകകാരന്റെ പേരിൽ നിയമനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**A4/1 വിരി പിരിവ് (Avoided)**

**B1. ചെണ്ടമേളം ഫീസ് പിരിവ്, സെക്യൂരിറ്റി 30000 രൂപ**

പേട്ടതുള്ളലിൽ മേളത്തിനെത്തുന്ന ആൾക്കാർ അവരവരുടെ പൂർണ്ണമായ അഡ്രസ് എഴുതി സാക്ഷ്യപ്പെടുത്തിയ ഫോട്ടോയോ, ആധാർ കാർഡ്, ഇലക്ഷൻ ഐഡന്റിറ്റി കാർഡോ കൈവശം സൂക്ഷിച്ചിരിക്കേണ്ടതും അന്വേഷണ ഉദ്യോസ്ഥന്മാർ ആവശ്യപ്പെടുന്ന മുറക്ക് ആയത് ബോധ്യപ്പെടുത്തേണ്ടതുമാണ്.

**B2. സ്വർണ്ണം, വെള്ളി വഴിപാടു വിൽപ്പന**

ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന സ്ഥലത്ത് മാത്രമേ ടി ഐറ്റങ്ങൾ വിൽപ്പന നടത്തുവാൻ അനുവദിക്കുകയുള്ളൂ. ടി.വകകൾ അല്ലാതെ മറ്റ് സാമഗ്രികൾ ഇവിടെ വിൽപ്പന നടത്തുവാൻ പാടുള്ളതല്ല. **സെക്യൂരിറ്റി : 5000 രൂപ**

**B3. പേട്ടകമ്പ്, തൂപ്പ്, പച്ചക്കറി : സെക്യൂരിറ്റി 10,000.00 രൂപ**

പേട്ടതുള്ളലിനുശേഷം അയ്യപ്പൻമാർ ക്ഷേത്രത്തിനു മുൻവശം നിക്ഷേപിക്കുന്ന പേട്ടക്കമ്പ്, തൂപ്പ്, പച്ചക്കറി മുതലായവ സമയാസമയങ്ങളിൽ കരാറുകാരൻ നീക്കം ചെയ്യേണ്ടതാണ്.

**B4. പ്ലോട്ടുകളുടെ ടെൻഡർ – സെക്യൂരിറ്റി പ്ലോട്ട് ഒന്നിന് 10,000 രൂപാ**

ദേവസ്വത്തിൽ സൂക്ഷിച്ചിരിക്കുന്ന 1202 ME-ലെ അംഗീകൃതപ്ലാനിൽ പറയുന്ന പ്രകാരവും അളവിലും മാത്രമേ കടകൾ കെട്ടുവാൻ പാടുള്ളൂ. കരാറുകാർക്ക് അനുവദിച്ചുകിട്ടിയ പ്ലോട്ടുകൾ തമ്മിൽ കൈമാറ്റം ചെയ്യുന്നതിനോ, പ്ലോട്ടുകൾ ഒന്നിച്ചു ചേർക്കുന്നതിനോ, ഭാഗം ചെയ്യുന്നതിനോ അനുവാദമുണ്ടായിരിക്കുന്നതല്ല.

അതാതു കടകളിലുണ്ടാകുന്ന പാഴ്‌വസ്തുക്കളും മാലിന്യങ്ങളും ഇതിനായി വയ്ക്കുന്ന വേസ്റ്റു ബോക്സുകളിൽ മാത്രം നിക്ഷേപിക്കേണ്ടതാണ്. മലിനജലം സംഭരിച്ച് സ്വന്തം ഉത്തരവാദിത്തത്തിൽ നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്. ടി സംഗതി സംബന്ധിച്ച് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണ്. പ്ലാനിൽ നിഷ്ക്കർഷിച്ചിട്ടുള്ള അളവിൽ മാത്രമേ കടകൾ കെട്ടുവാൻ പാടുള്ളൂ. ആയതിനു വിരുദ്ധമായി നിർമ്മാണപ്രവർത്തനത്തിൽ ഏർപ്പെട്ടു എന്നു ബോധ്യമായാൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള ഭാഗം പൊളിച്ചു നീക്കുന്നതിനോ, ആനുപാതിക തുക ഈടാക്കുന്നതിനോ, ഡിപ്പാർട്ട്മെന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്. പ്ലോട്ടുകളെ മണ്ഡലം, മകരവിളക്കു കാലത്തേക്കു മാത്രം O.S. (അദർ സ്റ്റാൾ) P.S. (ഫോട്ടോസ്റ്റുഡിയോ) H.O. (ഹോട്ടൽ) എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. ഇവയിൽ വ്യാപാരം ചെയ്യുന്നവ താഴെപറയും പ്രകാരമാണ്. കരാർ കാലാവധിക്ക് മുമ്പ് ദേവസ്വം ബോർഡിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ടോ, മറ്റോ സ്ഥലം ആവശ്യമായി വരുന്ന പക്ഷം ബന്ധപ്പെട്ട പ്ലോട്ട് പൂർണ്ണമായോ, ഭാഗീകമായോ ഡിപ്പാർട്ട്മെന്റ് ഏറ്റെടുക്കുന്നതും കരാറുകാരന് നാളിതുവരെ കെട്ടിവച്ച തുക മാത്രം തിരിച്ചു നൽകുകയോ, ആനുപാതിക തുക നിശ്ചയിക്കുന്നതിനോ, ഡിപ്പാർട്ട്മെന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്. **ഒരു കരാറുകാരന് മൂന്നിൽ കൂടുതൽ പ്ലോട്ട് അനുവദിക്കുന്നതല്ല.**

**ടെൻഡർതുക അഞ്ച് ലക്ഷം രൂപ വരെയുള്ളത് ഒന്നായും, അഞ്ച് ലക്ഷത്തിന് മുകളിൽ വരുന്നതായാൽ മുഴുവൻ തുകയുടെ 75% തുകയോ അഞ്ച് ലക്ഷമോ ഏതാണ് കൂടുതൽ വരുന്നതെന്നാൽ ആതുക ടെൻഡർ കഴിഞ്ഞാലുടനെ തന്നെ കെട്ടിവയ്ക്കേണ്ടതാണ്. പേട്ടതുള്ളലിന് അയ്യപ്പന്മാർക്ക് രാസസിന്ദൂരവും, പ്ലാസ്റ്റിക് പായ്ക്കറ്റുകളിൽ ലഭ്യമാകുന്ന ഷാംമ്പൂവും വിൽപ്പന നടത്തുന്നത് നിരോധിച്ചുകൊണ്ടുള്ള ബഹു. കേരള ഹൈക്കോടതി ഉത്തരവ് നിലനിൽക്കുന്നതിനാൽ കുത്തക പിടിക്കുന്ന കടകളിൽ യാതൊരുകാരണവശാലും രാസസിന്ദൂരവും, പ്ലാസിക് പായ്ക്കറ്റുകളിൽ ലഭ്യമാകുന്ന ഷാമ്പൂവും വിൽപ്പന നടത്തുവാൻ പാടില്ലാത്തതാകുന്നു. ഇതിനു വിപരീതമായി പെരുമാറുന്നപക്ഷം ആയതിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കുത്തകക്കാരൻ മാത്രം ഉത്തവാദിയായിരിക്കുന്നതാണ്.**

**ഹോട്ടൽ (H.O.)**

പ്ലാനിൽ ഇവയ്ക്കുള്ള സ്ഥലം പ്രത്യേകമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവിടെ ആഹാരസാധനങ്ങൾ പാകം ചെയ്തു ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ നിർദ്ദേശിക്കുന്ന വിലയ്ക്കു നൽകേണ്ടതാണ്. നോൺവെജിറ്റേറിയൻ ആഹാരപദാർത്ഥങ്ങൾ യാതൊരു കാരണവശാലും ടി ഹോട്ടലുകളിൽ കച്ചവടം ചെയ്യുവാൻ പാടില്ലാത്തതാകുന്നു. ഹോട്ടലുകളിലെ കരാറുകാരും, തൊഴിലാളികളും അതാതു പ്രദേശത്തെ ഹെൽത്ത് സെന്ററുകളിൽ നിന്നും ഹെൽത്ത് കാർഡുകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്. FSSAI സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ്.

**അദർ സ്റ്റാൾ (O.S.)**

ലഘുപാനീയങ്ങൾ, ശീതളപാനീയങ്ങൾ കമ്പനികളിൽ നിർമ്മിച്ച് പായ്ക്ക് ചെയ്തിട്ടുള്ള ഭക്ഷണപദാർത്ഥങ്ങൾ തുടങ്ങിയവ വിൽപ്പന നടത്താവുന്നതാണ്. മിൽമ ബൂത്തുകളിൽ ചൂടുപാനീയങ്ങൾ അനുവദനീയമാണ്. യാതൊരു കാരണവശാലും ഭക്ഷണപദാർത്ഥങ്ങൾ പാകം ചെയ്തു വിൽക്കുവാൻ പാടില്ലാത്തതാകുന്നു.

**ഫോട്ടോ സ്റ്റുഡിയോ (P.S.)**

അയ്യപ്പഭക്തന്മാരുടെ ഫോട്ടോ എടുത്തു കൊടുക്കുക, ഫോട്ടോ സാമഗ്രഹികൾ വിൽപ്പന നടത്തുക എന്നിവയല്ലാതെ മറ്റു യാതൊരുവിധ കച്ചവടവും ടി പ്ലോട്ടിൽ നടത്തുവാൻ പാടില്ലാത്തതാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾക്കു വിപരീതമായി കച്ചവടം ചെയ്യുന്നതായി ഡിപ്പാർട്ട്മെന്റിന് ബോധ്യപ്പെടുന്ന പക്ഷം ടി കുത്തക അവകാശം റദ്ദുചെയ്യുന്നതിനും ബദൽ സംവിധാനം ഉണ്ടാക്കുന്നതിനും ഡിപ്പാർട്ട്മെന്റിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്. **ഒരു കരാറുകാരന് മൂന്നിൽ കൂടുതൽ പ്ലോട്ട് അനുവദിക്കുന്നതല്ല.**

**B5. ആലമ്പള്ളി ഷോപ്പിംഗ് കോംപ്ലെക്സിലെ കടമുറികൾ**

ആലമ്പള്ളി ഷോപ്പിംഗ് കോംപ്ലെക്സിലെ കടമുറികൾ ടെന്റർ കൊള്ളുന്നവർ നിലവിലുള്ള മീറ്ററിൽ നിന്നും കറന്റ് എടുത്തുപയോഗിക്കേണ്ടതും കറന്റ് ചാർജ്ജ് കുത്തകക്കാരൻ തന്നെ അടയ്ക്കേണ്ടതുമാണ്. കറന്റ് ചാർജ്ജ് അടച്ചു രസീത് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ ടി മുറികൾക്കു വച്ചിട്ടുള്ള സെക്യൂരിറ്റി തുക തിരിച്ചു നൽകുകയുള്ളൂ. **സെക്യൂരിറ്റി : സിംഗിൾ റൂം 10,000 രൂപ, ഡബിൾ റൂം 15,000 രൂപാ**

ടെൻഡർ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ തിരുവനന്തപുരം ദേവസ്വം കമ്മീഷണർ ആഫീസ്, പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസ്, മുണ്ടക്കയം അസി. ദേവസ്വം കമ്മീഷണർ ആഫീസ്, എരുമേലി ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസ് എന്നിവിടങ്ങളിൽ നിന്നും ആഫീസ് സമയങ്ങളിൽ അറിയാവുന്നതാണ്. ടെന്റർ അനുവദിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള സകല അധികാരവും, അവകാശവും തിരുവിതാംകൂർ ദേവസ്വംബോർഡിൽ നിക്ഷിപ്തമായിരിക്കും. ടെൻഡറിന് നിശ്ചയിക്കപ്പെട്ട തീയതി ഏതെങ്കിലും കാരണവശാൽ അവധിയായി പ്രഖ്യാപിക്കപ്പെട്ടാൽ അടുത്ത പ്രവർത്തിദിവസം ടെൻഡർ നടത്തുന്നതും ആയതിന് പ്രത്യേക അറിയിപ്പ് ഉണ്ടായിരിക്കുന്നതല്ലാത്തതുമാണ്.

## താല്കാലിക കടകളുടെ നിർമ്മാണം

B4/4, B4/5, B4/6, B4/7, B4/8, B4/9, B4/11, B4/16, B4/17, B4/18, B4/19, B4/20, പ്ലോട്ടുകൾ കുത്തക ഏൽക്കുന്നവർ ടി പ്ലോട്ടുകളിൽ താത്കാലിക കടകൾ സ്ഥാപിക്കുമ്പോൾ ദേവസ്വം അംഗീകൃത സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ 1.5 മീറ്റർ ഗ്രൗണ്ടിലേക്ക് ഇറക്കി കടകൾ സ്ഥാപിക്കേണ്ടതാണ്.

പ്ലോട്ടുകൾ കുത്തക ഏല്ക്കുന്നവർ താല്ക്കാലിക കടകൾ കെട്ടുമ്പോൾ പൊളിച്ചുനീക്കാവുന്ന വിധത്തിലുള്ള കടകൾ മാത്രമെ നിർമ്മിയ്ക്കുവാൻ പാടുള്ളൂയെന്നും സ്ഥിരമായി ഇരിയ്ക്കാവുന്ന വിധത്തിൽ വെൽഡ്ചെയ്ത് പിടിപ്പിച്ചിട്ടുള്ള കടകൾ കെട്ടുവാൻ പാടില്ലാത്തതുമാണ്. താല്ക്കാലികമായി കെട്ടുന്ന കടകൾ 2027 ജനുവരി മാസം 31 -ാം തീയതിയ്ക്ക് മുമ്പായി കുത്തകക്കാരുടെ

...ടപടി

ചിലവിൽ പൊളിച്ചുമാറ്റി തരേണ്ടതും അല്ലാത്തപക്ഷം പൊളിച്ചുമാറ്റാനുള്ള തുക കുത്തകക്കാ ഡിപ്പാർട്ട്മെന്റിൽ നിന്നും സ്വീകരിക്കുന്നതും ഇതിലേയ്ക്ക് ചിലവു വരുന്ന തുക കുത്തകക്കാ രുടെ സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതുമായിരിക്കും. കൂടാതെ പൊളിച്ചുമാറ്റുന്ന സാധനങ്ങൾ ലേലം ചെയ്ത് ഡിപ്പാർട്ട് മെന്റിലേയ്ക്ക് മുതൽ കൂട്ടുന്നതുമായിരിക്കും. താത്കാ ലിക കടകൾ സ്ഥാപിക്കുമ്പോൾ ഇന്റർ ലോക്കിന് എന്തെങ്കിലും കേടുപാടുകൾ ഉണ്ടാകുന്നപക്ഷം കുത്തകക്കാരുടെ ചുമതലയിൽ കേടുപാടുകൾ പരിഹരിച്ച് മരാമത്ത് വിഭാഗം ക്ലിയറൻസ് സർട്ടി ഫിക്കറ്റ് നൽകിയാൽ മാത്രമേ ഇ.എം.ഡി/സെക്യൂരിറ്റി തുകകൾ കുത്തകകാരന് തിരികെ ലഭിക്കു കയുള്ളു.

S/d

തിരുവനന്തപുരം

ദേവസ്വം കമ്മീഷണർ

**ROC. No. : 176/2026/emly**

## കുത്തക വിവരം

**A1. നാളികേരം**

എരുമേലി ക്ഷേത്രത്തിന്റെ മുൻവശത്തുള്ള നാളികേരക്കൂട്ടിലും ഭഗവതി നടയിലും, പേട്ടക്ഷേത്ര നടയിലും, കോട്ടപ്പടിയിലും 1202 മണ്ഡല-മകരവിളക്ക് കാലത്തും 1203 കന്നി മാസം വരെ യുള്ള മാസപൂജാ സമയങ്ങളിലും ശബരിമല നട തുറന്നിരിക്കുന്ന മറ്റു സമയങ്ങളിലും അയ്യപ്പ ന്മാർ ഉടയ്ക്കുന്നതും ഉരുട്ടുന്നതുമായ നാളികേരം എടുക്കുന്നതിനും നാളികേരക്കൂടിനു സമീപം വച്ച് നാളികേരം വിൽക്കുന്നതിനുമുള്ള അവകാശം. **സെക്യൂരിറ്റി – 2,00,000 രൂപ, തറ വാടക 15,000 രൂപ.**

**A2. പാർക്കിംഗ്**

എരുമേലി ഹൈസ്കൂൾ സ്റ്റേഡിയത്തിലും, അംഗീകൃതപ്ലാൻ അനുസരിച്ച് പാർക്കിംഗിനായി തിരി ച്ചിട്ടുള്ള ദേവസ്വംവക സ്ഥലങ്ങളിലും (ആലമ്പള്ളി കോമ്പൗണ്ടിൽ താല്ക്കാലിക മെസ്സിനും, ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾക്കുള്ള കാർഷെഡ്ഡിനുമുള്ള സ്ഥലം കഴിച്ച്) പാർക്കു ചെയ്യുന്ന വാഹ നങ്ങളിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം 1202-ാം മാണ്ട് തുലാം 25 മുതൽ മകരം 5 വരെയും 2027 ഏപ്രിൽ 1 മുതൽ 20 വരെയും 1203 M:E കന്നി മാസം വരെയുള്ള മറ്റു മാസങ്ങളിൽ ശബരിമല മാസപൂജയ്ക്ക് നടതുറന്നിരിക്കുന്ന ദിവസങ്ങളിലും. **സെക്യൂരിറ്റി–1,00,000 രൂപ.**

**ഈടാക്കാവുന്ന പ്രതിദിന ഫീസ് വിവരം ചുവടെ ചേർക്കുന്നു.**

| | | |
|---|---|---|
| 1. | ഇരുചക്രവാഹനങ്ങൾ | 10/- രൂപ |
| 2. | ഓട്ടോറിക്ഷ | 25/- രൂപ |
| 3. | കാർ | 40/- രൂപ |
| 4. | ജീപ്പ് സുമോ, ക്വാളീസ്, ഇന്നോവ (8 സീറ്റ് വരെ) | 50/- രൂപ |
| 5. | വാൻ (18 സീറ്റ് വരെ) | 75/- രൂപ |
| 6. | മിനിബസ്സ് (32 സീറ്റ് വരെ) | 100/- രൂപ |
| 7. | ബസ്സ് | 125/- രൂപ |

**A3. 1. ആലമ്പള്ളി ലാട്രിൻ**

ആലമ്പള്ളി കോമ്പൗണ്ടിലുള്ള 100 കക്കൂസുകളടങ്ങിയ ഒരു ബ്ലോക്ക് 1202 M.E തുലാമാസം 29 മുതൽ 1203 കന്നി 5 വരെയുള്ള കാലയളവിൽ ഉപയോഗിക്കുന്നവരിൽ നിന്നും ആളൊന്നുക്ക് ഫീസ് പിരിക്കുന്നതിനുള്ള അവകാശം. ഫീസ് വിവരം കുത്തക സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാ ണ്. **സെക്യൂരിറ്റി 50,000 രൂപ.**

**അയ്യപ്പഭക്തരിൽ നിന്നും ആളൊന്നുക്ക് ഈടാക്കാവുന്ന ഫീസ് വിവരം ചുവടെ ചേർക്കുന്നു.**

| | | |
|---|---|---|
| യൂറിനൽ | - | 5/- രൂപ |
| കക്കൂസ് | - | 10/- രൂപ |
| കുളിമുറി | - | 15/- രൂപ |
| ക്ലോക്ക് റൂം | - | 20/- രൂപ |

**A3. 2. നന്ദാവനം ലാട്രിൻ ബ്ലോക്ക് (Avoided)**

**A3 3. ഹൈസ്കൂൾ സ്റ്റേഡിയം ലാട്രിൻ ബ്ലോക്ക്**

ഹൈസ്കൂൾ സ്റ്റേഡിയത്തിന്റെ തെക്കുഭാഗത്തുള്ള 100 കക്കൂസുകളും 100 കുളിമുറികളും ഉള്ള ലാട്രിൻ ബ്ലോക്ക് 1202 ME മണ്ഡല-മകരവിളക്ക് കാലത്തും 1203 ME കന്നി 5 വരെ

യുള്ള മാസപൂജാ സമയങ്ങളിലും ശബരിമല നട തുറന്നിരിക്കുന്ന മറ്റു സമയങ്ങളിലും ഫീസ് പിരിക്കുന്നതിനുള്ള അവകാശം **സെക്യൂരിറ്റി - 50,000.00**

A3/3A. **ഡി.ബി.എച്ച്.എസ്. കോമ്പൗണ്ടിലെ 23 കക്കൂസുകളും 9 കുളിമുറികളും ഉപയോഗിക്കുന്നവരിൽ നിന്നും 1202 യിലെ മണ്ഡലം മകരവിളക്ക് കാലത്തുമാത്രം ഫീസ് പിരിക്കുന്നതിനുള്ള അവകാശം. സെക്യൂരിറ്റി 30000/-**

A3/4. **ക്ലോക്ക് റൂം**

പോലീസ് ഡിപ്പാർട്ട്മെന്റ് നിർദ്ദേശിക്കുന്ന സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള മൂന്ന് താത്ക്കാലിക ക്ലോക്ക് റൂമുകൾ ഉപയോഗിക്കുന്നവരിൽ നിന്നും 1202 ME മണ്ഡല - മകരവിളക്ക് കാലത്ത് ആളൊന്നുക്ക് 20 രൂപാ ക്രമം ഫീസ് പിരിക്കുന്നതിനുള്ള അവകാശം. **സെക്യൂരിറ്റി 10,000 രൂപാ**

## B മൈനർ ഐറ്റങ്ങൾ

**B1. മേളക്കാരിൽ നിന്നുള്ള ഫീസ് പിരിവ്**

പേട്ടതുള്ളലിൽ പങ്കെടുക്കുന്ന മേളക്കാരിൽ നിന്നും മേളം ഒന്നിന് എല്ലാ നികുതികളും ഉൾപ്പെടെ 60/- രൂപ ക്രമം ഫീസ് പിരിക്കുന്നതിനുള്ള അവകാശം. 1202 ME തുലാമാസം 29 മുതൽ മണ്ഡല-മകരവിളക്ക് കാലത്തേക്കും 1203 ME കന്നി 5 വരെയുള്ള മാസപൂജാ കാലയളവിലും മാത്രം. മേളക്കാർ നടത്തുന്ന അകമ്പടി മേളത്തിന് ഒരു വാദ്യത്തിന് എല്ലാ നികുതികളുമുൾപ്പെടെ 275 രൂപാ മാത്രമേ സ്വാമി ഭക്തന്മാരിൽ നിന്നും ഈടാക്കുവാൻ പാടുള്ളൂ. ഫീസ് വിവരം ജി.എസ്.ടി. ഉൾപ്പെടെ 60 രൂപാ എന്ന് ബോർഡ് പ്രദർശിപ്പിക്കേണ്ടതാണ്. **സെക്യൂരിറ്റി 30,000/-** രൂപ.

**B2. സ്വർണ്ണം, വെള്ളി വഴിപാടു വില്പന**

ദേവസ്വത്തിൽ നിന്നും നിർദ്ദേശിക്കുന്ന സ്ഥലത്ത് വച്ച് സ്വർണ്ണം, വെള്ളി നേർച്ച വഴിപാട് സാധനങ്ങൾ വിൽപ്പന നടത്തുന്നതിനുള്ള അവകാശം 1202 ME മണ്ഡല-മകരവിളക്ക് കാലത്തേക്കു മാത്രം. **സെക്യൂരിറ്റി 5,000/-** രൂപ.

**B3. പേട്ടകമ്പ്, തൂപ്പ്, പച്ചക്കറി**

പേട്ട തുള്ളലിനു ശേഷം അയ്യപ്പന്മാർ ഉപേക്ഷിച്ചു പോകുന്ന പേട്ടകമ്പ്, തൂപ്പ്, പച്ചക്കറി എന്നിവ 1202 മണ്ഡല-മകരവിളക്ക് കാലത്തും 1203 കന്നി 5 വരെയുള്ള മാസപൂജാ സമയങ്ങളിലും ശബരിമല നട തുറന്നിരിക്കുന്ന മറ്റു സമയങ്ങളിലും എടുക്കുന്നതിനുള്ള അവകാശം. **സെക്യൂരിറ്റി 10,000/-** രൂപ.

**B4. പ്ലോട്ടുകളുടെ ടെൻഡർ**

എരുമേലി ദേവസ്വത്തിൽ സൂക്ഷിച്ചിട്ടുള്ള അംഗീകൃത പ്ലാനിൽ വിവരിച്ചിട്ടുള്ള പ്ലോട്ടുകളിൽ ടെൻഡർ വ്യവസ്ഥകൾക്കു വിധേയമായി താൽക്കാലിക കടകൾ കെട്ടി കച്ചവടം ചെയ്യുന്നതിനുള്ള അവകാശം. 1202 ME മണ്ഡല-മകരവിളക്ക് കാലത്തേക്കു മാത്രം. **സെക്യൂരിറ്റി 10,000/- രൂപ.** ഒരു കരാറുകാരന് **മൂന്നിൽ** കൂടുതൽ പ്ലോട്ട് അനുവദിക്കുന്നതല്ല.

**B5. പേട്ട ദേവസ്വം (കൊച്ചമ്പലം) പ്ലോട്ട് 1, 2, 3**

| നമ്പർ | പ്ലോട്ട് നമ്പർ | അളവ് | വിവരണം | സെക്യൂരിറ്റി |
|---|---|---|---|---|
| 1 | B5/ 1 | 7 X 5 | അദർ സ്റ്റാൾ | 10000.00 |
| 2 | B5/ 2 | 7 X 5 | അദർ സ്റ്റാൾ | 10000.00 |
| 3 | B5/ 3 | 7 X 5 | അദർ സ്റ്റാൾ | 10000.00 |

ഹോട്ടൽ അനുവദിക്കുന്നതല്ല. കച്ചവടം നടത്തുന്നതിനുള്ള അവകാശം 1202 എം.ഇ. മണ്ഡല-മകരവിളക്ക് സമയത്തേയ്ക്ക് മാത്രം.

**B6. ആലമ്പള്ളി ഷോപ്പിംഗ് കോംപ്ലെക്സിലെ കടമുറികൾ**

ആലമ്പള്ളി ഷോപ്പിംഗ് കോംപ്ലെക്സിലെ 1-ാം നമ്പർ കടമുറി 2, 3 നമ്പരിലുള്ള ഒരു ഡബിൾ റൂം, എന്നിവിടങ്ങളിൽ 1202 M.E മണ്ഡല-മകരവിളക്കു കാലത്തേക്കു മാത്രം കച്ചവടം ചെയ്യുന്നതിനുള്ള അവകാശം. നിരതദ്രവ്യം യഥാക്രമം 10,000- രൂപ, ടെൻഡർ തുക ഒന്നായി അടക്കണം.

**A1. നാളികേരം**

ടെൻഡറിനോടൊപ്പം സ്വന്തം പേരിൽ 15,00,000 (പതിനഞ്ച് ലക്ഷം) രൂപയിൽ കുറയാത്ത തുകയ്ക്ക് സോൾവൻസി / ബാങ്ക്ഗ്യാരന്റിയും അതിന്റെ സാക്ഷിപ്പെടുത്തിയ പകർപ്പും, ടിയാന്റെ സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് / ഇലക്ഷൻ ഐഡന്റിറ്റി കാർഡും അടക്കം ചെയ്തിരിക്കണം. ടെൻഡർ സ്ഥിതീകരിക്കുമ്പോൾ അസ്സൽ ബാങ്ക് ഗ്യാരണ്ടി / സോൾവൻസി ഹാജരാക്കണം.

**A2.** പാർക്കിംഗ്

-Do-

**A3.** കംഫർട്ട് സ്റ്റേഷൻ.

-Do-

**A4. ഷെൽട്ടർ പിരിവ്-AVOIDED**

**B1. ചെണ്ടമേളം – ഫീസ് പിരിവ്.**

ടെൻടർ സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിക്കുന്ന മുറക്ക് 75% തുക അടക്കേണ്ടതും ബാക്കി തുക 2026 നവംബർ 30-ന് മുൻപായി അടച്ചു തീർക്കേണ്ടതുമാണ്.
ബി 2, ബി 3, ബി6/1, ബി6/2 എന്നീ ഇനങ്ങൾക്ക് ടെൻഡർ തുക ഒന്നാകെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ടെൻഡറുകാരൻ ടെൻഡറിനോടൊപ്പം കരാറു തുകയുടെ 75% തുകയും സെക്യൂരിറ്റി നിക്ഷേപവും അടക്കം ചെയ്തിരിക്കണം. ടെൻഡറിൽ പങ്കെടുക്കുന്നവർ സെക്യൂരിറ്റി വച്ച് പേര് ചേർക്കേണ്ടതും, **പ്ലോട്ടുകളുടെ ടെൻഡർ അവസാനിക്കുമ്പോൾ കരാറുതുക അഞ്ച് ലക്ഷം രൂപ വരെയുള്ളത് ഒന്നായും, അഞ്ച് ലക്ഷം രൂപയ്ക്കു മുകളിൽ വരുന്നതായാൽ മുഴുവൻ തുകയുടെ 75% മോ അഞ്ചു ലക്ഷം രൂപയോ ഏതാണോ കൂടുതൽ വരുന്നത് ആയത് അപ്പോൾ തന്നെ (സെക്യൂരിറ്റി തുകയ്ക്കു പുറമെ). അടയ്ക്കേണ്ടതും ബാക്കി ലേലതുക 2026 നവംബർ 30-ന് (1202 വൃശ്ചികം 14-ന്) മുമ്പ് അടച്ചു തീർക്കേണ്ടതുമാണ്.**

ഇ-ടെൻഡറിൽ ആൾ ഏർപ്പെടാതുള്ള ഇനങ്ങൾക്ക് പരസ്യലേലം നടക്കുന്ന പക്ഷം ലേലത്തിൽ പങ്കെടുക്കുന്നവർ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡ് അസലും ആയതിന്റെ ഒരു ഫോട്ടോ കോപ്പിയും നിരതദ്രവ്യത്തോടൊപ്പം ഹാജരാക്കി ലേലത്തിൽ നേരിട്ട് പങ്കെടുക്കേണ്ടതാണ്. മറ്റാളുകളുടെ പേരിൽ ലേലം കൊള്ളുവാൻ അനുവദിക്കുന്നതല്ല. തിരിച്ചറിയൽ രേഖ ഹാജരാക്കി നിരതദ്രവ്യം കെട്ടാത്തവരെ ലേലം നടക്കുമ്പോൾ ലേലഹാളിൽ പ്രവേശിപ്പിക്കുന്നതല്ല.

**NB.ടെൻഡർ പരസ്യത്തിലും നിബന്ധനകളിലും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് ദേവസ്വം ഡിപ്പാർട്ട്മെന്റിന് പൂർണ്ണമായ അധികാരം ഉണ്ടായിരിക്കുന്നതാണ്.**

| | |
|---|---|
| **ടെൻഡറുകൾ സ്വീകരിക്കുന്നത് ആരംഭിക്കുന്ന തീയതിയും സമയവും.** | **15.10.2026 രാവിലെ 09.00 മണി മുതൽ** |
| **ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും.** | **24.10.2026 രാവിലെ 09.00 മണി വരെ.** |
| **ടെൻഡറുകളുടെ ടെക്നിക്കൽ ബിഡുകൾ തുറക്കുന്ന തീയതി.<br>ടെൻഡറുകളുടെ ഫിനാൻഷ്യൽ ബിഡുകൾ തുറക്കുന്ന തീയതി.<br>ലൈവ് ഓക്ഷൻ തീയിതി.** | **26.10.2026** |

NB:ടെക്നിക്കൽ ബിഡുകളുടെ പരിശോധന പൂർത്തിയായതിനു ശേഷം മാത്രമായിരിക്കും ഫിനാൻഷ്യൽ ബിഡുകളുടെ പരിശോധന ആരംഭിക്കുന്നത്. ലൈവ് ഓക്ഷൻ സമയം 26/10/2026 ഉച്ചയ്ക്ക് 02 മണി മുതൽ 05 മണി വരെ (മൂന്ന് മണിക്കൂർ) ആണെങ്കിലും പൊതു നിബന്ധനയിലെ ഖണ്ഡിക 39 പ്രകാരമുള്ള സമയക്രമം ബാധകമായിരിക്കുന്നതാണ്.

(ഒപ്പ്)
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
പത്തനംതിട്ട

ROC. No. 176/2026/emly
Dated:15.10.2026

## ലൈവ് ഓക്ഷൻ സമയം.

| ഇനം | സമയം. |
|---|---|
| 1 -20 | 02 pm to 03 pm |
| 21–40 | 03 pm to 04 pm |
| 41–62 | 04 pm to 05 pm |

(ഒപ്പ്)
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
പത്തനംതിട്ട

സ്വാമിശരണം

**1202-മാണ്ട്(2026-27) മണ്ഡലം-മകരവിളക്ക് അടിയന്തിരത്തോടനുബന്ധിച്ച് മുണ്ടക്കയം ഗ്രൂപ്പിൽപ്പെട്ട എരുമേലി ദേവസ്വത്തിലെ കീഴ്പതിവുള്ള കുത്തകകൾക്കുള്ള ഷെഡ്യൂൾ**

| നമ്പർ | ഇനവിവരം | കരാർകാലാവധി | മിനിമം കരാർ തുക | EMD | സെക്യൂരിറ്റി നിക്ഷേപം |
|---|---|---|---|---|---|
| **മേജർ ഐറ്റങ്ങൾ** | | | | | |
| **A1** | **നാളികേര കുത്തക** | 1202 ME തുലാം 29 മുതൽ മകരം 5 വരെയും | 9890999.00 | 989100.00 | 2,00,000.00 |
| | എരുമേലി, പേട്ട ദേവസ്വങ്ങളിലും, ഭഗവതിനട, കോട്ടപ്പടി ആസ്ഥാനം, തലപ്പാറമല മുതലായ സ്ഥലങ്ങളിലും അയ്യപ്പഭക്തന്മാർ ഉടയ്ക്കുന്നതും ഉരുട്ടുന്നതുമായ നാളികേരം ശേഖരിക്കുന്നതിനും, നാളികേരകൂടിന് സമീപം വച്ച് നാളികേരം വിൽക്കുന്നതിനുമുള്ള അവകാശം. | (2026-2027 മണ്ഡലം മകരവിളക്ക്) 2027 ഏപ്രിൽ 1 മുതൽ 20 വരെയും (മേട വിഷു) 1203 കന്നി 5 വരെയുള്ള മറ്റുമാസങ്ങളിൽ ശബരിമല മാസ പൂജകൾക്കും നടതുറന്നിരിക്കുന്ന മറ്റു ദിവസങ്ങളിലും | | | |
| **A2** | പാർക്കിംഗ് - | | | | |
| | എരുമേലി ദേവസ്വം വസ്തുവിലും ദേവസ്വം ബോർഡ് ഹൈസ്കൂൾ കോമ്പൗണ്ടിലും അംഗീകൃത പ്ലാനിൽ പാർക്കിംഗിനായി പ്രത്യേകം അടയാളം ചെയ്ത സ്ഥലങ്ങളിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽ നിന്നും യഥാക്രമം ഇരുചക്രവാഹനങ്ങൾ 10 രൂപ, ഓട്ടോറിക്ഷാ 25 രൂപ കാർ 40 രൂപ, ജീപ്പ്, റ്റാറ്റാ സുമോ, ക്വാളീസ്, ഇന്നോവ എട്ട് സീറ്റ് വരെ 50 രൂപ വാൻ (14 സീറ്റ് വരെ) 75 രൂപ, മിനി ബസ് 25 സീറ്റ് വരെ 100 രൂപ, ബസ് രൂപ 125 ക്രമം ഫീസ് പിരിക്കുന്നതിനുള്ള അവകാശം | 1202 ME തുലാം 29 മുതൽ മകരം 5 വരെയും (2026-2027 മണ്ഡലം മകരവിളക്ക്) 2027 ഏപ്രിൽ 1 മുതൽ 20 വരെയും (മേട വിഷു) 1203 കന്നി 5 വരെയുള്ള മറ്റുമാസങ്ങളിൽ ശബരിമല മാസ പൂജകൾക്കും നടതുറന്നിരിക്കുന്ന മറ്റു ദിവസങ്ങളിലും | 8505000.00 | 850500.00 | 1,00,000.00 |
| **A3** | **കംഫർട്ടു സ്റ്റേഷനുകളിൽ നിന്നു ഫീസ് പിരിക്കുന്നതിനുള്ള അവകാശം** | | | | |
| | എരുമേലി ദേവസ്വം ആലമ്പള്ളി കോമ്പൗണ്ടിലും ഹൈസ്കൂൾ കോമ്പൗണ്ടിലും ഹൈസ്കൂൾ സ്റ്റേഡിയം കോമ്പൗണ്ടിലുമുള്ള കക്കൂസ്, കുളിമുറി, ക്ലോക്ക് റൂം മുതലായവകളിൽ ആളൊന്നിന് / യൂറിനൽ 5 രൂപാ, കക്കൂസ് 10 രൂപാ, കുളിമുറി 15 രൂപ ക്രമവും, ക്ലോക്ക് റൂം 20 രൂപ ക്രമവും ഫീസ് പിരിക്കുന്നതിനുള്ള അവകാശം | | | | |
| **A3-1** | ആലമ്പള്ളി കോമ്പൗണ്ടിലുള്ള 100 മുറി കക്കൂസുകളുടെ ഒരു ബ്ലോക്ക്. | 1202 ME തുലാം 29 മുതൽ 1203 ME കന്നി 5 വരെയുള്ള കാലയളവിൽ ഫീസ് പിരിക്കുന്നതിന്. | 5251050.00 | 525150.00 | 50,000.00 |
| **A3-2** | നന്ദാവനം ടോയ്ലറ്റ് ബ്ലോക്ക് കീഴ്പതിവുള്ള 40 കക്കൂസുകൾ. കിഫ്ബി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബ്ലോക്കുകൾ പൊളിച്ചിരിക്കുന്നതിനാൽ **1202 ME യിലെ ലേലത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.** | **Avoided** | | | |

| നമ്പർ | ഇനവിവരം | കരാർകാലാവധി | മിനിമം കരാർ തുക | EMD | സെക്യൂരിറ്റി നിക്ഷേപം |
|---|---|---|---|---|---|
| A3-3 | സ്കൂൾസ്റ്റേഡിയത്തിലുള്ള 100 കക്കൂസുകളും, 100 കുളിമുറികളുമടങ്ങിയ ഒരു ബ്ലോക്കും | 1202 ME മണ്ഡലം മകരവിളക്ക്, മാസപൂജ, മേടവിഷു തുടങ്ങി 1203 കന്നി 5 വരെ ശബരിമല നട തുറന്നിരിക്കുന്ന ദിവസങ്ങളിലും | 3023999.00 | 302400.00 | 50,000.00 |
| A3-3A | ഡി.ബി.എച്ച്.എസ്. കോമ്പൗണ്ടിലെ പുതിയതായി നിർമ്മിച്ച 28 കക്കൂസുകളും 14 കുളിമുറികളുമടങ്ങിയ ഒരു ബ്ലോക്ക് (ഇതിലേയ്ക്ക് ആവശ്യമായി വരുന്ന വെള്ളം കുത്തകക്കാരുടെ സ്വന്തം ചെലവിൽ കൊണ്ടു വന്ന് ഉപയോഗിക്കേണ്ടതാണ്.) ഇതിൽ 5 കക്കൂസും, 5 കുളിമുറിയും സ്പെഷ്യൽ ഡ്യൂട്ടി സ്റ്റാഫിന് വേണ്ടി ഒഴിച്ചിട്ടിരിക്കുന്നു. | 1202 ME മണ്ഡല-മകരവിളക്കു കാലത്തു മാത്രം | 1276333.00 | 127650.00 | 30,000.00 |
| A3-4 | പോലീസ് ഡിപ്പാർട്ട്മെന്റ് നിർദ്ദേശിക്കുന്ന സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള 3 താത്ക്കാലിക ക്ലോക്ക് റൂമുകൾ ഉപയോഗിക്കുന്നവരിൽ നിന്നും 20 രൂപാ ക്രമം ഫീസ് പിരിക്കുന്നതിന്. | 1202 ME തുലാം 29 മുതൽ മകരം 5 വരെ മാത്രം | 24675.00 | 2500.00 | 10,000.00 |
| A4 | **ഷെൽട്ടർ പിരിവ് - കിഫ്ബി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബ്ലോക്കുകൾ പൊളിച്ചിരിക്കുന്നതിനാൽ1202 ME യിലെ ലേലത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.** | **Avoided** | | | |
| B | **മൈനർ ഐറ്റങ്ങൾ** | | | | |
| B1 | **ചെണ്ടമേളം ഫീസ് പിരിവ്** എരുമേലി ദേവസ്വത്തിൽ പേട്ട തുള്ളിയെത്തുന്ന അയ്യപ്പ ഭക്തന്മാരുടെ അകമ്പടി മേളത്തിന് മേളക്കാരിൽ നിന്നും ഒരു തവണക്ക് 60 രൂപ ക്രമം ഫീസ് പിരിക്കുന്നതിനുള്ള അവകാശം. മേളക്കാർ അകമ്പടിമേളത്തിന് ഒരു വാദ്യത്തിന് 275 രൂപാ മാത്രമേ സ്വാമിഭക്തരിൽ നിന്നും ഈടാക്കുവാൻ പാടുള്ളൂ. | 1202 ME മണ്ഡലം മകരവിളക്ക്, മാസപൂജ, മേടവിഷു തുടങ്ങി 1203 കന്നി 5 വരെ ശബരിമല നട തുറന്നിരിക്കുന്ന ദിവസങ്ങളിലും | 4901523.00 | 490200.00 | 30,000.00 |
| B2 | **സ്വർണ്ണം, വെള്ളി നേർച്ച വഴിപാടു വില്പന** - ദേവസ്വത്തിൽ നിന്നും നിർദ്ദേശിക്കുന്ന സ്ഥലത്ത് വച്ച് സ്വർണ്ണം വെള്ളി നേർച്ച വഴിപാട് സാധനങ്ങൾ വിൽപ്പന നടത്തുന്നതിനുള്ള അവകാശം 1202 ME മണ്ഡലം മകരവിളക്ക് കാലത്ത് മാത്രം നിരതദ്രവ്യം 1000 രൂപാ. | 1202 ME മണ്ഡലം മകരവിളക്കു കാലത്തു മാത്രം | 18899.00 | 1900.00 | 5,000.00 |
| B3 | **പേട്ടക്കമ്പ്, തൂപ്പ്, പച്ചക്കറി** എരുമേലി ദേവസ്വത്തിൽ പേട്ട തുള്ളിയെത്തുന്ന അയ്യപ്പഭക്തന്മാർ ഉപേക്ഷിച്ചുപോകുന്ന പേട്ടക്കമ്പ്, തൂപ്പ്, പച്ചക്കറി മുതലായവ ശേഖരിച്ചുകൊണ്ടു പോകുന്നതിനുള്ള അവകാശം. | 1202 ME മണ്ഡലം മകരവിളക്ക്, മാസപൂജ, മേടവിഷു തുടങ്ങി 1203 കന്നി 5 വരെ ശബരിമല നട തുറന്നിരിക്കുന്ന ദിവസങ്ങളിലും | 171149.00 | 17150.00 | 10,000.00 |

| നമ്പർ | ഇനവിവരം | കരാർകാലാവധി | ari raw കരാർ തുക | EMD | സെക്യൂരിറ്റി നിക്ഷേപം |
|---|---|---|---|---|---|
| B4 | പ്ലോട്ടുകളുടെ ടെൻഡർ | | | | |
| | എരുമേലി ദേവസ്വം ആഫീസിൽ സൂക്ഷിച്ചിട്ടുള്ള 1202 ME-യിലെ അംഗീകൃത പ്ലാനിൽ മാർക്ക് ചെയ്തിട്ടുള്ള വിവിധ ഇനം പ്ലോട്ടുകളിൽ താത്കാലിക കടകൾ കെട്ടി കച്ചവടം നടത്തുന്നതിനുള്ള അവകാശം. | 1202 ME മണ്ഡലം മകരവിളക്കു കാലത്തുമാത്രം | | | |
| | 1. PlotNo. 1 O. S. 6 x 6 Mtr | -Do- | 1952999.00 | 195300.00 | 10,000.00 |
| | 2. PlotNo. 2 O. S. 6 x 6 Mtr | -Do- | 1382616.00 | 138300.00 | 10,000.00 |
| | 3. PlotNo. 3 P. S. 10 x 6 Mtr | -Do- | 2036999.00 | 203700.00 | 10,000.00 |
| | 4. PlotNo. 4 O. S. 8 x 4 Mtr | -Do- | 929250.00 | 92950.00 | 10,000.00 |
| | 5. PlotNo. 5 P. S. 8 x 5 Mtr | -Do- | 1090949.00 | 109100.00 | 10,000.00 |
| | 6. Plot No. 6 O. S. 8 x 4 Mtr | -Do- | 541485.00 | 54150.00 | 10,000.00 |
| | 7. Plot No. 7 O. S. 8 x 4 | -Do- | 387240.00 | 38750.00 | 10,000.00 |
| | 8. Plot No. 8 O. S. 8 x 4 | -Do- | 428295.00 | 42850.00 | 10,000.00 |
| | 9. Plot No. 9 O. S. 7 x 4 | -Do- | 868642.00 | 86900.00 | 10,000.00 |
| | 10. Plot No. 10 | AVOIDED | | | |
| | 11. Plot No. 11 P.S. 5 x 14, 4 x 7 | 1202 ME മണ്ഡലം മകരവിളക്കു കാലത്തുമാത്രം | 725667.00 | 72600.00 | 10,000.00 |
| | 12. Plot No. 12 | AVOIDED | | | |
| | 13. Plot No. 13 O. S. 4 x 3 | 1202 ME മണ്ഡലം മകരവിളക്കു കാലത്തുമാത്രം | 2278499.00 | 227850.00 | 10,000.00 |
| | 14. Plot No. 14 O. S. 4 x 3 | -Do- | 805349.00 | 80550.00 | 10,000.00 |
| | 15. Plot No. 15 P. S. 10 x 7 | -Do- | 2036999.00 | 203700.00 | 10,000.00 |
| | 16. Plot No. 16 O.S. 5 x 5 | -Do- | 151199.00 | 15150.00 | 10,000.00 |
| | 17. Plot No. 17 O.S. 5 x 5 | -Do- | 197398.00 | 19750.00 | 10,000.00 |
| | 18. Plot No. 18 O.S. 5 x 5 | -Do- | 2707949.00 | 270800.00 | 10,000.00 |
| | 19. Plot No. 19 O.S. 5 x 5 | -Do- | 596271.00 | 59650.00 | 10,000.00 |
| | 20. Plot No. 20 O.S. 5 x 3 | -Do- | 532349.00 | 53250.00 | 10,000.00 |
| | 21. Plot No. 21 P. S. 8 x 8 | -Do- | 604280.00 | 60450.00 | 10,000.00 |
| | 22. Plot No. 22 O. S. 8 x 8 | -Do- | 1858499.00 | 185850.00 | 10,000.00 |
| | 23. Plot No. 23 P. S. 9 x 14 | -Do- | 1221149.00 | 122150.00 | 10,000.00 |
| | 24. Plot No. 24 Hotel 13 x 14 | -Do- | 683995.00 | 68400.00 | 10,000.00 |
| | 25. Plot No. 25 | **AVOIDED** | | | |
| | 26. Plot No. 26 O.S. 10 x 14 | 1202 ME മണ്ഡലം മകരവിളക്കു കാലത്തുമാത്രം | 402149.00 | 40250.00 | 10,000.00 |

| നമ്പർ | ഇനവിവരം | കരാർകാലാവധി | മിനിമം കരാർ തുക | EMD | സെക്യൂരിറ്റി നിക്ഷേപം |
|---|---|---|---|---|---|
| | 27. Plot No. 27 Hotel 9 x 14 | -Do- | 456166.00 | 45650.00 | 10,000.00 |
| | 28. Plot No. 28 O.S. 3 x 14 | -Do- | 197400.00 | 19750.00 | 10,000.00 |
| | 29. Plot No. 29 O.S. 9 x 14 | -Do- | 381976.00 | 38200.00 | 10,000.00 |
| | 30. Plot No, 30 | Reserve for Police | | | |
| | 31. Plot No. 31 | Reserve for Police | | | |
| | 32. Plot No, 32 | Reserve for Virtual Q | | | |
| | 33. Plot No. 33 | Reserve for Virtual Q | | | |
| | 34. Plot No. 34 O.S. 13 x 8.5 | 1202 ME മണ്ഡലം മകരവിളക്കു കാലത്തുമാത്രം - | 1086749.00 | 108700.00 | 10,000.00 |
| | 35. Plot No. 35 O.S. 9 x 8.5 | Do- | 1903649.00 | 190400.00 | 10,000.00 |
| | 36. Plot No. 36 O.S. 7 x 7 | -Do- | 385011.00 | 38500.00 | 10,000.00 |
| | 37. Plot No. 37 O.S. 7 x 7 | -Do- | 423514.00 | 42350.00 | 10,000.00 |
| | 38. Plot No. 38 O.S. 7 x 8 | -Do- | 424680.00 | 42500.00 | 10,000.00 |
| | 39. Plot No. 39 O.S. 7 x 7 | -Do- | 383384.00 | 38350.00 | 10,000.00 |
| | 40. Plot No. 40 O.S. 7 x 7 | -Do- | 275477.00 | 27550.00 | 10,000.00 |
| | 41. Plot No. 41 O.S. 7 x 6 | -Do- | 217697.00 | 21800.00 | 10,000.00 |
| | 42. Plot No. 42 O.S. 7 x 5 | -Do- | 227850.00 | 22800.00 | 10,000.00 |
| | 43. Plot No. 43 O.S. 7 x 4.50 (AV) | -Do- | 175350.00 | 17550.00 | 10,000.00 |
| | 44. Plot No. 44 O.S. 7 x 4.50 (AV) | -Do- | 150149.00 | 15050.00 | 10,000.00 |
| | 45. Plot No. 45 O.S. 5 x 4 | -Do- | 117599.00 | 11800.00 | 10,000.00 |
| | 46. Plot No. 46 O.S. 6 x 4 | -Do- | 140699.00 | 14100.00 | 10,000.00 |
| | 47. Plot No. 47 O.S. 7.90 x 3.50(AV) | -Do- | 229949.00 | 23000.00 | 10,000.00 |
| | 48. Plot No. 48 O.S. 8 x 2 | -Do- | 433335.00 | 43350.00 | 10,000.00 |
| | 49. Plot No. 49 O.S. 20 x 8 | -Do- | 1014739.00 | 101500.00 | 10,000.00 |
| | 50. Plot No. 50 O.S. 15 x 2 | -Do- | 988720.00 | 98900.00 | 10,000.00 |
| | 51. Plot No. 51 | **AYYAPPASEVASAMAJAM** | | | |
| | 52. Plot No. 52 O.S. 5 x 5 | 1202 ME മണ്ഡലം മകരവിളക്കു കാലത്തുമാത്രം - | | | |
| | 53. Plot No. 53 | **AVOIDED** | 659399.00 | 65950.00 | 10,000.00 |
| | 54. Plot No. 54 O.S. 5 x 5 | 1202 ME മണ്ഡലം മകരവിളക്കു കാലത്തുമാത്രം - | 487071.00 | 48750.00 | 10,000.00 |
| | 55. Plot No. 55 O.S. 4 x 5 | -Do- | 220110.00 | 22050.00 | 10,000.00 |

| നമ്പർ | ഇനവിവരം | കരാർകാലാവധി | മിനിമം കരാർ തുക | EMD | സെക്യൂരിറ്റി നിക്ഷേപം |
|---|---|---|---|---|---|
| | 56. Plot No. 56 O.S. 9 x 6 | 1202 ME മണ്ഡലം മകരവിളക്കു കാലത്തുമാത്രം - | 898333.00 | 89850.00 | 10,000.00 |
| | 57. Plot No. 57 O.S. 4 x 3.5 Mtr | -Do- | 1189416.00 | 118950.00 | 10,000.00 |
| B5 | പേട്ട ദേവസ്വം പ്ലോട്ട് നമ്പർ 1, 2, 3 | | | | |
| | B5/1. Plot No 01 O.S. 7 x 5 | -Do- | 520624.00 | 52100.00 | 10,000.00 |
| | B5/2. Plot No 02 O.S. 7 x 5 | -Do- | 257249.00 | 25750.00 | 10,000.00 |
| | B5/3. Plot No 03 O.S. 7 x 5 | -Do- | 200099.00 | 20050.00 | 10,000.00 |
| B6 | ആലമ്പള്ളി ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| | B6/1 1-ാം നമ്പർ കടമുറി | -Do- | 435435.00 | 43550.00 | 10,000.00 |
| | B6/2 2, 3 നമ്പറിലുള്ള ഡബിൾ റൂം ടി. പ്ലോട്ടുകളിൽ ഹോട്ടലുകൾ അനുവദിക്കുന്നതല്ല. 1202 ME | -Do- | 742125.00 | 74250.00 | 15,000.00 |
| | മണ്ഡലം മകരവിളക്കുകാലത്തുമാത്രം താത്കാലിക കടകെട്ടി | | | | |
| | കച്ചവടം നടത്തുന്നതിനുള്ള അവകാശം | | | | |

(ഒപ്പ്)
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
പത്തനംതിട്ട

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസ്
പത്തനംതിട്ട
ROC. No. : emly